## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 25.10.2016 - ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 492

### കയർ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതി സർവ്വകാല റെക്കോർഡ് ഭേദിക്കുമ്പോഴും, കേരളത്തിലെ കയർമേഖല തകർച്ചയിലാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | എ)കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങൾ യന്ത്രവത്ക്കരണത്തിലൂടെ കയർ മേഖലയിൽ കേരളത്തേക്കാൾ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. ചകിരി, കയർ ഉൽപ്പാദനത്തിലും മറ്റ് സംസ്ഥാനങ്ങൾ പ്രത്യേകിച്ച് തമിഴ്നാട് മുന്നിലാണ്. ഈ പശ്ചാത്തലത്തിൽ ആധുനികവത്ക്കരണത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാക്കുകയും യന്ത്രവത്ക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്. ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി തൊണ്ട് സംഭരണ പദ്ധതി നടപ്പാക്കി വരുന്നു. |
| ബി) പച്ചത്തൊണ്ട് -ചകിരി വ്യവസായം കേരളത്തിൽ വികസിപ്പിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ; | ബി) ലഭ്യമായ ഡിഫൈബറിംഗ്/ മിനി ഡിഫൈബറിംഗ് മെഷീനുകളുടെ ഗുണനിലവാരത്തിൽ വന്ന പോരായ്മകൾ പച്ചത്തൊണ്ട് ചകിരി വ്യവസായം വികസിപ്പിക്കുന്നതിനു വിഘാതമായി തീർന്നിട്ടുണ്ട്. കൂടാതെ അഴുക്കൽ തൊണ്ട് ഉപയോഗിക്കുന്ന മേഖലകൾ പ്രധാനമായും ചിറയിൻകീഴ്, തൊഴിലാളികൾ വൈറ്റ് ഫൈബർ ഉപയോഗിക്കുന്നതിന് തയ്യാറാകുന്നില്ല. ഇവയെല്ലാം പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരി ഉൽപ്പാദനത്തെ പിന്നോട്ടാക്കിയിട്ടുണ്ട്. |
| സി)കയർവ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ? | സി) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/ പ്രവർത്തന മൂലധനം നൽകുന്നു.<br><br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു. |

| | |
|---|---|
| | 3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുളള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എംഡിഎ) നൽകി വരുന്നു.<br><br>4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.<br><br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.<br><br>6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നുണ്ട്. ആയത് പരിഷ്ക്കരിച്ച് നിയന്ത്രണങ്ങൾ ഒഴിവാക്കി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കി വ്യവസായത്തെ ആധുനികവത്ക്കരിക്കും. എന്നാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കും.<br><br>7. ഉത്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br><br>8. ക്രയവില സ്ഥിരതാഫണ്ട് 17 കോടി രൂപയിൽ നിന്നും 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.<br><br>9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br><br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br><br>11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.<br><br>12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഇതുകൂടാതെ കയർ വ്യവസായത്തേയും, തൊഴിലാളികളേയും സംരക്ഷിക്കുന്നതിനായി ഒരു രണ്ടാം പുന:സംഘടനാ പദ്ധതി സർക്കാർ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിക്കും. 2016 ലെ ബജറ്റ് പ്രസംഗത്തിൽ കയർ ഉൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലും കയർപിരി |

| | |
|---|---|
| | തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്. |

സെക്ഷൻ ഓഫീസർ